January 3

വി. ചാവറയച്ചന്റെ തിരുന്നാൾ ചിന്തകൾ:

മാന്നാനം കുന്നിൽ നിന്നാരംഭിച്ച്, കേരള സഭയിലും ഭാരത സഭയിലും, ലോകമെമ്പാടും ദൈവീകപ്രഭ വാരി വിതറിയ വി. ചാവറയച്ചന്റെ തിരുന്നാൾ ദിനമാണിന്ന്.

1805-ൽ ജനിച്ച് 1871-ൽ ഈ ലോകത്തിൽ നിന്ന് കടന്നു പോയ വി. ചാവറ പിതാവ് 19-ാം നൂറ്റാണ്ടിലെ കേരളത്തിന്റെ ആത്മീയ, സാമൂഹിക, സാംസ്കാരിക, സാഹിത്യ, വിദ്യാഭ്യാസ, മാധ്യമ രംഗങ്ങളിൽ കാലാതിവർത്തിയായ ഉണർവുണ്ടാക്കിയ കേരളീയ "നവോത്ഥാന നായകരിൽ" അഗ്രഗണ്യനാണ് വി. ചാവറ പിതാവ്.

എല്ലാ കത്തോലിക്കാ ദൈവാലയങ്ങളോടും ചേർന്ന് പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് സർവ്വർക്കും

ജാതി ഭേദമില്ലാതെ

വിദ്യാഭ്യാസം നൽകണം എന്ന നിർദ്ദേശം നൽകി അവ പ്രായോഗികമാക്കിക്കൊണ്ടാണ് അദ്ദേഹം "കേരളീയ പൊതു സമൂഹസൃഷ്ടി" ക്ക് തുടക്കം കുറിച്ചത്.

ജാതി വ്യവസ്ഥിതിയിൽ അധിഷ്ഠിതമായിരുന്ന വിജ്ഞാനസമ്പാദനത്തിന് (വിദ്യാഭ്യാസ അവകാശം) പകരം ചാവറ പിതാവ് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസം എന്ന ആശയം

കീഴാള വർഗ്ഗക്കാർക്ക്

പ്രത്യാശയുടെ പൊൻകിരണങ്ങളാണ് സമ്മാനിച്ചത്.

1846-ൽ (ഭാരതസ്വാതന്ത്ര്യത്തിന് ഒരു നൂറ്റാണ്ട് മുൻപേ ) മാന്നാനത്ത് ഒരു സംസ്കൃത വിദ്യാലയം സ്ഥാപിച്ച് ദലിതർ അടക്കമുള്ള കീഴാള ജാതിക്കാർക്ക് പ്രവേശനം നൽകി വിദ്യാഭ്യാസത്തെ "സമത്വ" വൽക്കരിച്ച് പിതാവ് മാതൃക കാട്ടി. മാത്രമല്ല പഠിക്കുവാനുള്ള എല്ലാ സഹായവും അദ്ദേഹം ചെയ്തു കൊടുത്തു. ഉച്ചക്കഞ്ഞി

പോലുള്ളവ നടപ്പിലാക്കി സ്ഥിരം സംവിധാനമാക്കിയപ്പോൾ തകർന്നുടഞ്ഞത് "പന്തിയിലെ പക്ഷപാതം" എന്ന അയിത്തമാണ്. അതിനായി "പിടിയരി " എന്ന ധാന്യശേഖരത്തിലൂടെ പങ്ക് വെയ്പും ദാനവും ഭോജനവും ജാതി മതിൽ പൊളിച്ച് സമത്വവത്കരിച്ചു.

അക്ഷരങ്ങളിലൂടെ, അറിവിലൂടെ നവോത്ഥാന പ്രകാശം ചൊരിഞ്ഞ പിതാവ് 1846-ൽ തന്നെയാണ് മാന്നാനത്ത് അച്ചുകൂടം (Printing Press) സ്ഥാപിച്ച് നവോത്ഥാന ചിന്തകൾക്ക് മറ്റൊരു അദ്ധ്യായം കൂടെ കൂട്ടി ചേർത്തത്.

ജാതീയമായും ആചാരപരമായും പല രീതിയിൽ ചിതറിയിരുന്ന കേരളത്തിൽ നിരവധി ഭാഷകൾ നിലനിന്നിരുന്നു. ഇവിടെ സർവ്വജനത്തിനും ഒരു പോലെ ഉപയോഗിക്കാവുന്ന ഒരു ഭാഷ ഉരുത്തിരിഞ്ഞ് കിട്ടിയത് ചാവറ പിതാവിനെ പോലെയുള്ള മിഷണറിമാരുടെ പ്രവർത്തന ഫലമായിട്ടാണ്.

മരണവീട്ടിൽ പാടാനുള്ള പാന, 'അനസ്ത്യാസിയായുടെ രക്തസാക്ഷിത്വം' എന്നീ പിതാവിന്റെ കൃതികളിലൂടെ മലയാള ഖണ്ഡകാവ്യത്തിന് അദ്ദേഹം തുടക്കം കുറിച്ചു. തദ്ദേശീയമായ കാവ്യ ഭാഷയിലൂടെ വിശ്വാസത്തിന്റെ ജനകീയവത്കരണവും അദ്ദേഹം സാധിച്ചു.

അഗതികൾക്ക് അഭയം നൽകാൻ 'പരസ്പര സ്നേഹധർമ്മശാല' സ്ഥാപിച്ച് ജാതിയും മതവും ഏതായാലും നന്നായി ജീവിക്കാൻ ഉള്ള അവകാശം സകലർക്കുമുണ്ടന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

" ഇതിലും

വലിയ

സമത്വമുണ്ടോ ?അദ്ദേഹത്തിന്റെ ഈ വിപ്ളവകരമായ തുടക്കത്തിന്റെ പിൻമുറകളാണ് ഇന്ന് നാം കാണുന്ന അനാഥ, അഗതി, മന്ദിരങ്ങളും Palliative Care സെന്ററുകളും, ഭിന്നശേഷി സംരക്ഷണ കേന്ദ്രങ്ങളും എല്ലാം എന്ന് നാം അറിഞ്ഞിരിക്കണം. "നന്മ ചെയ്യാത്ത ഒരു ദിവസം നിന്റെ ആയുസിന്റെ കണക്കു പുസ്തകത്തിൽ എഴുതി ചേർക്കപ്പെടുകയില്ല."

സഭയിൽ ആഞ്ഞടിച്ച "റോക്കോസ് ശീശ്മ" വി. ചാവറയച്ചന്റെ ഇടപെടലില്ലായിരുന്നുവെങ്കിൽ കേരള സഭയെ തന്നെ ഇവിടെ നിന്ന് നിർമ്മാജനം ചെയ്യുമായിരുന്നു. അധഃകൃതരെന്ന് വിമർശിച്ചുന്നെങ്കിലും ഒരു ഭാരതീയന്

"വികാരി ജനറാൾ" എന്ന സ്ഥാനം നല്കാൻ അധികാരികളെ പ്രേരിപ്പിച്ച ദൈവീക ഇടപ്പെടലിനെ നമുക്ക് വാഴ്ത്താം.

മലയാള നാടക പ്രസ്ഥാനത്തിന് ജന്മം നൽകിയതും വിശുദ്ധ ചാവറ പിതാവ് തന്നെ. 1846-56 കാലഘട്ടത്തിൽ അദ്ദേഹം രചിച്ച 10

"ഇടയ നാടകങ്ങൾ " മലയാള നാടക ചരിത്രത്തിലെ വിലപ്പെട്ട ഏടുകളാണ്.

ഒരു ധാർമ്മിക പെരുമാറ്റ ചട്ടം രൂപപ്പെടുത്തിയ പിതാവ് സമൂഹത്തിന് പകർന്ന സംസ്കാരം വളരെ വലുതാണ്. സ്നേഹം , വിനയം, മിതവ്യയം, ദയ, നീതി, ദൈവഭയം, മാതാപിതാക്കളോടുള്ള കടമകൾ, മാതാപിതാക്കളുടെ കടമകൾ, മുതിർന്നവരോട് കാണിക്കേണ്ട ബഹുമാനം എല്ലാം അദ്ദേഹത്തിന്റെ രചനകളിൽ തെളിഞ്ഞ് നിന്നു.

കുടുംബത്തെ പറ്റി അദ്ദേഹം രചിച്ച കുടുംബചട്ടം ആയ "ഒരു നല്ല അപ്പന്റെ ചാവരുൾ" ഗാർഹിക സഭയെ പറ്റി തിരുസഭയിലുണ്ടായ ആദ്യത്തെ ആധികാരിക രേഖയും ഇന്നും സമൂഹത്തെ മുഴുവൻ പ്രചോദനമേകുന്ന ചരിത്ര ഗ്രന്ഥമാണ്.

കാലികം

വിശ്വാസം/ആചാരം എന്നിവയെ വളച്ചൊടിച്ച് സ്വാർത്ഥതക്ക് വിനിയോഗിക്കുന്നവരുടെ ഈ കാലഘട്ടത്തിൽ ഇതേറെ പ്രസക്തമാണ്. "നന്മ ചെയ്യാനുള്ള ഒടുങ്ങാത്ത ആവേശം പിതാവിന് ലഭിച്ചത് "ദൈവ " വുമായുള്ള ഹൃദയബന്ധത്തിൽ നിന്നാണ്. ജാതിക്കും മതത്തിനുമപ്പുറം

"മനുഷ്യനെ കണ്ട്

മനം നിറഞ്ഞവൻ ''

" ദൈവത്തിന്റെ

വിരലുകൾ കൊണ്ട്

മലയാളമെഴുതിയവൻ "

" മനുഷ്യനെ തൊട്ടവൻ "

"ദൈവാനുഭൂതിയേറ്റ

ദൈവത്തിന്റെ മേലാപ്പുള്ള മനുഷ്യൻ "

അതെ

നവോത്ഥാന നായകനല്ല

കേരള നവോത്ഥാന ശില്പിയായ

വി. ചാവറ കുറിയാക്കോസ് ഏലിയാസച്ചനെ വിശേഷിപ്പിക്കാൻ പദങ്ങൾ തികയില്ല.

കേരളീയ സമൂഹത്തിന് ദിശാബോധം നൽകിയവരുടെ മുൻ നിരയിലാണ് ചാവറ പിതാവിന്റെ സ്ഥാനം .

സ്ത്രീ സമത്വത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുന്നെങ്കിലും, ഇന്നും പുരുഷമേധാവിത്വത്തിന്റേയും, സ്ഥാപന വല്ക്കരണത്തിന്റേയും അടിമത്വം ഏറ്റുവാങ്ങുന്ന ഒരു വർഗ്ഗമാണവർ.

ഇന്ന്

നാം ആവർത്തിച്ച് കേൾക്കുന്ന

നവോത്ഥാനത്തിനും

"സ്ത്രീ ശാക്തീകരണത്തിനും"

200 ലേറെ വർഷങ്ങൾക്ക് മുൻപ് ചാവറ പിതാവ്

തുടക്കം കുറിച്ചിരുന്നു.

പെൺകുട്ടികളെ

പള്ളിക്കൂടത്തിലയക്കുക എന്നത് അചിന്തനീയമായിരുന്ന കാലത്ത് സ്ത്രീകളെ ശാക്തീകരിക്കാൻ

സ്ത്രീകളെതന്നെ ഒരുക്കുന്നതിന്റെ ഭാഗമായിരുന്നു

1866-ൽ അദ്ദേഹം രൂപവത്കരിച്ച

"കോൺഗ്രിഗേഷൻ ഓഫ് മദർ ഓഫ് കാർമ്മൽ " അഥവാ

C M C സന്യാസിനി സഭ.

സ്ത്രീ സമത്വം എന്ന ചിന്തക്ക് അടിത്തറയിട്ട് വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ പെൺകുട്ടികൾക്ക് അവസരത്തിന്റെ വാതിൽ തുറന്ന വി. ചാവറ പിതാവിനെയും ക്രൈസ്തവ സംഭാവനകളെയും മറക്കുന്നവരും മറയ്ക്കുന്നവരും ചരിത്രം പഠിക്കണം. ചരിത്രം മറയ്ക്കാനാവില്ലെന്ന് തിരിച്ചറിയണം.

അദ്ദേഹം സ്ഥാപിച്ച പ്രഥമ തദ്ദേശീയ സന്യാസസഭ - CMI - യെ പറ്റിയും, അവർ വിദ്യാഭ്യാസ, ആതുര, തൊഴിൽ  മേഖലകളിൽ കേരളത്തിന് നൽകിയ സംഭാവനകളും അറിയാത്ത മലയാളിയുണ്ടാവില്ല.

ഇത്തരത്തിൽ കേരള നവോത്ഥാന നായകരിൽ മുഖ്യ സ്ഥാനം വഹിച്ച വി. ചാവറയച്ചൻ പല സ്വാധീനങ്ങളാൽ തമസ്ക്കരിക്കപ്പെടുകയാണ്.

ഇവിടെ നവോത്ഥാനം

ലക്ഷ്യം തെറ്റി

ജാതിവത്കരിക്കപ്പെടുന്നു, പാർട്ടിവത്കരിക്കപ്പെടുന്നു,

മനുഷ്യനെ തമ്മിൽത്തമ്മിൽ അടിപ്പിക്കുന്ന നിയമനിർമ്മാണങ്ങളുണ്ടാക്കുന്നു,

ജാതീയ വിവേചനം വച്ചുകൊണ്ട് വികലമായ ചരിത്രം സൃഷ്ടിക്കപ്പെടുന്നു.

കേരള ചരിത്രത്തിലെ ഏറ്റവും വിവേചനം ഏറ്റുവാങ്ങേണ്ടി വന്ന, എന്നാൽ കേരള ചരിത്രത്തിലെ ഏറ്റവും വലിയ നവോത്ഥാന നായകൻ

വി. ചാവറയച്ചൻ തന്നെ.

വി. ചാവറയച്ചാ, ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കേണമേ!

W Moyalan cmi